വാരാന്ത്യപതിപ്പ് ലക്കം- 2 | MAY 30 - JUNE 5

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

**എൻ.എസ്.എസ് വാർത്തകൾ**

പുകവലിയ്ക്കെതിരെ നമുക്കും ഒരുമിയ്ക്കാം.
പേജ് 1

കൊറോണയ്ക്കെതിരെ കൈകോർക്കാം.
പേജ് 1

ഹൈക്കുവുമായി ആഗോള രക്ഷാകർതൃ ദിനം
പേജ് 2

വിജയിയെ പ്രഖ്യാപിച്ച് 'ആഭേരി '
പേജ് 2

ക്ലബ് ഹൗസ് ചർച്ചാവേദിയാക്കി വൊളണ്ടിയേഴ്സ്
പേജ് 3

നാളേയ്ക്ക് വേണ്ടിയൊരു ചലഞ്ച്
പേജ് 4

നിയമ ബോധനവുമായി സോഷ്യോ പോഡ്സ്
പേജ് 4

**ചോദ്യം ഉത്തരം**
പേജ് 5

**അക്ഷരാഗ്നി**
പേജ് 5

**ചിന്താവിഷയം**
പേജ് 6




'ആഭേരി' ഗാനാലാപന മത്സര വിജയികൾ

# എൻ.എസ്.എസ്. വാർത്തകൾ

## പുകവലിയ്ക്കെതിരെ നമുക്കും ഒരുമിയ്ക്കാം.

ലോക പുകയില വിരുദ്ധ ദിനമായ മെയ് 31 ന് വൊളണ്ടിയേഴ്സിനെയെല്ലാം പങ്കാളികളാക്കി പുകവലിക്കെതിരെ അവബോധം സൃഷ്ടിക്കാനുതകുന്ന വീഡിയോ നിർമ്മിച്ച് പുകയില വിരുദ്ധ ദിനം ആചരിച്ചു.

യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെയും പുകയില വിരുദ്ധ ദിനം കൊണ്ടാടി. വൊളണ്ടിയർ മീട്ടു മനോജ് സി, 'കൗമാരക്കാരും പുകയില ഉപയോഗവും ' എന്ന വിഷയത്തിൽ സംസാരിച്ചു.







## കൊറോണയ്ക്കെതിരെ കൈകോർക്കാം.

തൃശ്ശൂർ ഡി.എം.ഓയുടെ നേതൃത്വത്തിൽ എൻ.എസ്. എസ് വൊളണ്ടിയേഴ്സിനായ് കൊറോണ മഹാമാരിക്കെതിരെ ജാഗ്രത പുലർത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെടുത്തു. കൊറോണയെ പ്രതിരോധിക്കാനുള്ള മാർഗങ്ങൾ , കൊറോണയിൽ നിന്ന് മുക്തി നേടിയാൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ , ടെസ്റ്റ് റിസൽട്ട്, ധാർമ്മിക മൂല്യങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ക്ലാസ്സിൽ പ്രതിപാദിച്ചു. വിദ്യാർത്ഥികളുടെ സംശയങ്ങൾ ദൂരീകരിക്കാനും ക്ലാസ്സ് സഹായിച്ചു.

# ഹൈക്കുവുമായി ആഗോള രക്ഷാകർതൃ ദിനം

ആഗോള രക്ഷാകർതൃ ദിനത്തോടനുബന്ധിച്ച് വൊളണ്ടിയേഴ്സിനായ് ഹൈക്കു രചനാ മത്സരം നടത്തി. ബി എസ് സി ഫിസിക്സിലെ ആര്യ പ്രമോദ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.







# വിജയിയെ പ്രഖ്യാപിച്ച് 'ആഭേരി'

എൻ.എസ്.എസിന്റെ നേതൃത്വത്തിൽ നടന്ന ആഭേരി ഗാനാലാപന മത്സരത്തിന്റെ ഫലപ്രഖ്യാപനം നടത്തി.

കോളേജിലെ തന്നെ വിദ്യാർത്ഥിനിയായ ഗായത്രി വി.എസാണ് വിജയി. പ്രവേശന നിരക്കിൽ ലഭിച്ച മുഴുവൻ തുകയും ഭവന നിർമ്മാണ പദ്ധതിയായ 'അഭയ'ത്തിലേക്ക് വകയിരുത്തിയിരുന്നു.

# ക്ലബ് ഹൗസ് ചർച്ചാവേദിയാക്കി വൊളണ്ടിയേഴ്സ്

ഇപ്പോൾ തരംഗമായി കൊണ്ടിരിക്കുന്ന ക്ലബ് ഹൗസിന്റെ സാധ്യത ഉപയോഗപ്പെടുത്തി എൻ.എസ്.എസ് വൊളണ്ടിയേഴ്സ്. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് നടത്തിയ സംവാദത്തിനാണ് ക്ലബ് ഹൗസ് വേദിയാക്കിയത്. ഏഴ് പേരടങ്ങുന്ന രണ്ട് ടീമുകളാണ് ' പരിസ്ഥിതി നാശത്തിന് സമ്പന്നരാണോ ദരിദ്രരാണോ കൂടുതൽ ഉത്തരവാദികൾ ' എന്ന വിഷയത്തിൽ സംവാദം നടത്തിയത്. സംവാദത്തിൽ സലീൽ ഹാദിയുടെ നേതൃത്വത്തിൽ ആലിയ എൻ.കെ, അഞ്ജലി പി.എസ്, അനുലക്ഷ്മി സി.എ, ഹരികൃഷ്ണൻ ആർ, എം. ശ്രീഹരി, നിഖിൽ സി.എം എന്നിവരടങ്ങുന്ന ടീം വിജയികളായി. ടീമിലെ അനുലക്ഷ്മി സി. എയെ മികച്ച പെർഫോർമറായി തിരഞ്ഞെടുത്തു. പൊതുജനങ്ങൾക്കിടയിലേക്ക് കൂടുതൽ ഇറങ്ങി ചെല്ലാനും, സംവദിക്കാനും ക്ലബ് ഹൗസ് ഗുണകരമാകും എന്നതിനാലാണ് ചർച്ചയ്ക്ക് ഈ വേദി തിരഞ്ഞെടുത്തത്.






# നാളേയ്ക്ക് വേണ്ടിയൊരു ചലഞ്ച്

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ' ഒരു തൈ നടാം ' എന്ന ചലഞ്ചിന് തുടക്കം കുറിച്ചിരിക്കുകയാണ് എൻ. എസ്. എസ് വൊളണ്ടിയേഴ്സ്. എല്ലാവരും വൃക്ഷ തൈ നട്ട് പിടിപ്പിച്ചും, കൈമാറിയും ചലഞ്ചിന്റെ ഭാഗമായി.പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ഉൾകൊള്ളിച്ചു കൊണ്ട് വൃക്ഷ തൈ നടുന്നതിന്റെ വീഡിയോ നിർമ്മിച്ച് പരിസ്ഥിതി ദിനം ആചരിച്ചു.







# നിയമ ബോധനവുമായി സോഷ്യോ പോഡ്സ്

ആക്രമണങ്ങൾക്കിരയായ നിഷ്കളങ്കരായ കുട്ടികളുടെ അന്താരാഷ്ട്ര ദിനത്തിലാണ് കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരായ നിയമത്തെ കുറിച്ച് പോഡ്കാസ്റ്റായ സോഷ്യോപോഡ്സിലൂടെ ബോധവൽക്കരണം നടത്തിയത്. വൊളണ്ടിയർ സൗന്ദര്യ കെ. മോഹനൻ ഇത്തരം നിയമങ്ങളെ കുറിച്ചും അതിന്റെ സാധ്യതകളെ കുറിച്ചും സംസാരിച്ചു.



**ചോദ്യം ഉത്തരം**

**എൻ. എസ്. എസ് ദിനം എന്ന്?**

**സെപ്റ്റംബർ 24**

## അക്ഷരാഗ്നി -

**ഹൈക്കു രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വൊളണ്ടിയർ ആര്യ പ്രമോദിന്റെ വരികൾ.**

"അനന്തമാം ജീവിത പാതകളിൽ
അദൃശ്യ മാം അവലബമായ്..
അനുദിനം നമ്മെ സുശക്തരാക്കുമീ
അനുയാത്രികർക്കു നാമദേയം
രക്ഷിതാക്കൾ."



**ചിന്താവിഷയം:**

"വിദ്യാഭ്യാസം മനുഷ്യരിലുള്ള സമ്പൂർണ്ണതയുടെ
ആവിഷ്കാരമാണ്."
-സ്വാമി വിവേകാനന്ദൻ

@nss_stc_42_144